STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.112/PR/SPMC/PHQ/2022 Date:15.06.2022

**ഇരുപത് പോലീസ് ജില്ലകൾക്കും പുതിയ വെബ്സൈറ്റ് നിലവിൽ വന്നു**

സംസ്ഥാനത്തെ 20 പോലീസ് ജില്ലകൾക്കും പ്രത്യേകം വെബ്സൈറ്റുകൾ നിലവിൽ വന്നു. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ തയ്യാറാക്കിയ വെബ്സൈറ്റുകൾ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് നാടിന് സമർപ്പിച്ചു.

നിലവിലെ ജില്ലാതല വെബ്സൈറ്റുകൾ സാങ്കേതികവിദ്യയിലും ഉള്ളടക്കത്തിലും മാറ്റം വരുത്തി പൂർണ്ണമായും സന്ദർശക സൗഹൃദവും ആകർഷകവുമായാണ് നവീകരിച്ചിരിക്കുന്നത്. വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും പ്രത്യേകമായി വിഭാഗങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് ഓഫീസുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ യഥാസമയം ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിന് ആവശ്യമായ സംവിധാനം വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നിലവിലെ യൂസർനെയിമും പാസ്‍വേർഡും നൽകി ലോഗിൻ ചെയ്യാം. സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോയിലെ പോലീസ് ഉദ്യോഗസ്ഥർ ആണ് പുതിയ വെബ്സൈറ്റ് നിർമ്മിച്ച് പരിപാലിക്കുന്നത്. വെബ്സൈറ്റിൽ പുതിയ വിവരങ്ങൾ ചേർക്കുന്നതിനുള്ള പരിശീലനം എല്ലാ ജില്ലാ ആസ്ഥാനത്തെയും പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**********************